(സി) 26.41 കോടി രൂപയുടെ പൊന്നാനി കോൾ വികസന പദ്ധതി ഒന്നാം ഘട്ടത്തിന്റെ പ്രോജക്ട് നബാർഡിന് സമർപ്പിക്കുന്നതിനായി കെ.എൽ.ഡി.സി.-യിൽ നിന്നും ലഭിച്ചിട്ടുണ്ട്.

(ഡി) കോൾ മേഖലയിൽ പത്ത് മോട്ടോർ ഷെഡ്ഡും 10 എഞ്ചിൻതറയും പുതുതായി നിർമ്മിച്ചിട്ടുണ്ട്.

(ഇ) വികസന ഏജൻസി സമർപ്പിക്കുന്ന പദ്ധതിയ്ക്കനുസൃതമായി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) ഇപ്പോൾ പൊന്നാനി കോൾ വികസന ഏജൻസിയിൽ 22.559 ലക്ഷം രൂപ ഉണ്ട്.

പൊന്നാനി കോൾവികസന ഏജൻസി

86 [3365] ശ്രീ. വി. ബാലറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി കോൾ വികസന ഏജൻസി ഭരണസമിതി പുനഃസംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) പുനഃസംഘടിപ്പിച്ച ഭരണസമിതിയിൽ തൃശ്ശൂർ ജില്ലയിൽ നിന്ന് എത്ര കർഷക പ്രതിനിധികളുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) കോൾ വികസന ഏജൻസി ഒരു വർഷത്തിൽ എത്ര തവണ യോഗം ചേരേണ്ടതുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 19-12-2002-ലെ ഗവൺമെന്റ് ഉത്തരവ് (എംഎസ്.) നമ്പർ 235/02/എ.ഡി. പ്രകാരം പൊന്നാനി കോൾ വികസന ഏജൻസി പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

(ബി) തൃശ്ശൂർ ജില്ലയിൽനിന്നും കർഷക പ്രതിനിധികൾ ആരും ഇല്ല.

(സി) നാല് തവണ.

കേരളത്തിൽ ആർ.ഐ.ഡി.എഫ്. സഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പുതിയ വാട്ടർ ഷെഡ്ഡുകൾ

87 [3368] ശ്രീ. കളത്തിൽ അബ്ദുള്ള:
„ സി. ടി. അഹമ്മദ് അലി:
„ പി. കെ. അബ്ദുറബ്ബ്:
„ സി. മോയിൻകുട്ടി:
„ പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കേരളത്തിൽ ആർ.ഐ.ഡി.എഫ്. സഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പുതിയ വാട്ടർ ഷെഡ്ഡുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിയ്ക്കും വകയിരുത്തിയിരിക്കുന്ന വനം ഫണ്ട് എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആർ.ഐ.ഡി.എഫ്.-ന്റെ 8-ാം ഘട്ടത്തിലുൾപ്പെടുത്തി നബാർഡിനു സമർപ്പിച്ച 45 വാട്ടർ ഷെഡ്ഡ് പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) ആർ.ഐ.ഡി.എഫ്.-ന്റെ നിലവിലുള്ള ഒരു മണ്ണ് സംരക്ഷണ പദ്ധതിയിലും വനം ഫണ്ട് ഉൾപ്പെടുത്തിയിട്ടില്ല.

അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ് തസ്തികയിലേക്ക് പ്രൊമോഷൻ

88 [3369] ശ്രീ. സി. ടി. അഹമ്മദ് അലി:
„ യു. സി. രാമൻ:
„ സി. മമ്മൂട്ടി:
„ വി. കെ. ഇബ്രാഹിംകുഞ്ഞ്:
„ കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിൽ അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ് തസ്തികയിലേക്ക് കൃഷി ഓഫീസർമാരിൽനിന്നും ആരെല്ലാം അപേക്ഷ നൽകിയെന്ന് ജില്ല തിരിച്ചും ഓഫീസ് തിരിച്ചുമുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധമായ സർക്കാർ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(സി) ഈ തസ്തികയിലേക്കുള്ള പ്രൊമോഷൻ നൽകുന്നതിന് നിശ്ചയിച്ചിരിക്കുന്ന വിദ്യാഭ്യാസ യോഗ്യത എന്താണ്;

(ഡി) ഒരു വർഷം മുമ്പ് അപേക്ഷ ക്ഷണിച്ചെങ്കിലും ഈ തസ്തികയിലേക്കുള്ള പ്രൊമോഷൻ നടത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ് തസ്തികയിലേക്ക് ലഭ്യമായ അപേക്ഷകരെ ഉൾപ്പെടുത്തി എന്നത്തേക്ക് പ്രൊമോഷൻ നൽകാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അപേക്ഷ നൽകിയ കൃഷി ഓഫീസർമാരുടെ പേരുവിവരങ്ങൾ ഇതോടൊപ്പം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. ††

(ബി, സി) ഇതിലേയ്ക്ക് ആവശ്യമായ യോഗ്യതകൾ, നിയമന രീതി എന്നിവ നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ 16-3-1992-ലെ ജി. ഒ. (എം.എസ്.) 81/92/എ.ഡി. കോപ്പി അനുബന്ധം രണ്ടിൽ വയ്ക്കുന്നു. ††

† അനുബന്ധം VIII. †† അനുബന്ധം IX.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VIII

[17-7-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 87 (3368) കാണുക.]

ആർ.ഐ.സി.എഫ്.-ന്റെ 8-ാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ 45 വാട്ടർഷെഡ്ഡ് പദ്ധതികളുടെ ലിസ്റ്റ്

ജില്ല	വാട്ടർഷെഡ്ഡ്
1. തിരുവനന്തപുരം	1. പുളിയറക്കോണം
	2. ആറ്റിങ്ങൽത്തോട്
2. കൊല്ലം	3. കൂരാക്കോട്
	4. ആറ്റുവാശ്ശേരി
	5. മാവിള
	6. വേളമാതൂർ
3. ആറ്റിപ്പുഴ	7. ഉവ്വക്കോട്
	8. ചെറുമുഖ
4. പത്തനംതിട്ട	9. വെള്ളിയാനി
	10. മടത്തമൺ
	11. നാരദംതോട്
5. കോട്ടയം	12. ചെങ്ങോട്
	13. പാറക്കയം
6. ഇടുക്കി	14. ചട്ടിക്കുഴി
	15. തെങ്ങക്കൽ 110 പുതുവാൾ
	16. മുറിഞ്ഞപുഴ
	17. മലയപ്പൊതുവാൾ
	18. പെയ്തൊട്ടി
	19. കുഴിയനോർതോട്
	20. പാപ്പാനിതോട്
	21. മരക്കൊമ്പുതോട്
	22. ശങ്കരഗിരി
7. എറണാകുളം	23. മുഴിത്തോട്
	24. മേക്കപ്പാറ
8. തൃശ്ശൂർ	25. പോർക്കുളം
	26. ലോകമല്ലേശ്വരം

LIBRARY ARCHIVES Kerala Legislative Assembly

ജില്ല	വാട്ടർഷെഡ്ഡ്
9. മലപ്പുറം	27. തേഞ്ഞിപ്പലം-കടയ്ക്കോടുപാറ
	28. മുകയൂർ-1
	29. ഉണ്ണിക്കുളം
	30. കൊടുകുത്തിമല
	31. ചെരളത്തോട്
10. പാലക്കാട്	32. തെക്കേമലമ്പുഴ
	33. മച്ചാൻതോട്
11. കോഴിക്കോട്	34. പുവാരംതോട്
	35. മൂന്നാംമണ്ണിൽ
12. വയനാട്	36. മണിയിൽ
	37. ഇടയ്ക്കൽ
	38. കോളിച്ചൻ
	39. കോറം
13. കണ്ണൂർ	40. മുരുങ്ങോട്ടിതോട്
	41. ഏഴരമുണ്ടുതോട്
	42. കണ്ണകി
14. കാസർകോട്	43. കുന്താരം
	44. നീലിപ്പുഴച്ചാൽ
	45. പ്ലാത്തടം

അനുബന്ധം IX

[17-1-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 80 (3369) കാണുക.]

അസി. സോയിൽ കെമിസ്റ്റ് തസ്തികയിലേക്ക് അപേക്ഷ സമർപ്പിച്ച കൃഷി ഓഫീസർമാരുടെ ലിസ്റ്റ്

1. തിരുവനന്തപുരം

(1) പി. ഐ. അശോക് .. കൃഷിഭവൻ, അരുവിക്കര

(2) ശ്രീകല, എസ്. .. കോക്കനട്ട് നഴ്സറി, കഴക്കൂട്ടം

(3) ബിജു ജോസഫ് .. കൃഷിഭവൻ, കാരോട്

2. കൊല്ലം

(1) എസ്. ഉഷ .. സ്റ്റേറ്റ് സീഡ് ഫാം, കടയ്ക്കൽ

(2) പി. എച്ച്. നജീബ് .. എം.എസ്.ടി.എൽ., കൊല്ലം

(3) നവിൽ ലിനോ .. കൃഷിഭവൻ, തൃക്കടവൂർ

LIBRARY ARCHIVES Kerala Legislative Assembly